**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

# അപ്പീൽ പരാതി നമ്പർ: P/016/2025

**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**

**തീയതി: 15-05-2025**

| | | |
|---|---|---|
| പരാതിക്കാരി | : | ശ്രീമതി. അമ്പിളി വാസുദേവൻ<br>വടക്കേമറ്റൽ, വെസ്റ്റ് കല്ലട<br>കൈരളി ജം. പി.ഒ<br>കോതപ്പുറം, കൊല്ലം - **690521** |
| എതിർകക്ഷി | : | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>ഇലക്ട്രിക്കൽ സബ് ഡിവിഷൻ<br>ശാസ്താംകോട്ട, കൊല്ലം (ജില്ല). |

## പരാതിയുടെ പശ്ചാത്തലം

പരാതിക്കാരി ശ്രീമതി. അമ്പിളി ദിവാംഗതനായ വാസുദേവന്റെ പുത്രിയാണ്. **consumer no 1145730009124** ആയ സർവീസ് കണക്ഷൻ വാസുദേവന്റെ പേരിലാണ് എടുത്തിരുന്നത്. ഏകദേശം **8.75** സെന്റ് വസ്തുവിൽ സ്ഥിതിചെയ്യുന്ന ഒരു പഴയ കെട്ടിടത്തിലാണ് ഈ കണക്ഷൻ സ്ഥിതി ചെയ്തിരുന്നത്. ഈ വസ്തുവും അതിൽ സ്ഥിതിചെയ്യുന്ന പഴയ കെട്ടിടവും **06-03-1996** ൽ രജിസ്റ്റർ ചെയ്തിട്ടുള്ള ധന നിശ്ചയപ്രകാരം പിതാവ് വാസുദേവൻ മകളായ ശ്രീമതി.അമ്പിളിയ്ക്ക് ധന നിശ്ചയപ്രകാരം നൽകിയിരിക്കുന്നു. അതിനാൽ ഈ വസ്തുവിന്റെയും പുരയിടത്തിന്റെയും ഇപ്പോഴത്തെ അവകാശി പരാതിക്കാരിയാണ്. കൂടാതെ പിതാവ് മരണപ്പെട്ടുപോയതിനാൽ പരാതിക്കാരി **deemed consumer** ആയിവരുന്നു. **03/2021** നു ശേഷം വൈദ്യുത ചാർജ് അടയ്ക്കാതിരുന്നെങ്കിലും കോവിഡിന്റെ സമയമായിരുന്നതിനാൽ വൈദ്യുതി വിച്ഛേദിക്കുന്ന നടപടികൾ ലൈസൻസി കൈക്കൊണ്ടില്ല. വൈദ്യുത ചാർജ് കുടിശ്ശികയായിരുന്നതിനാൽ **26/09/2022** ൽ വൈദ്യുതി വിച്ഛേദിക്കുകയുണ്ടായി. ആ സമയത്ത് കുടിശ്ശിക തുക

24,160/- രൂപ ആയിരുന്നു. **security deposit** ആയ 714/- രൂപ കിഴിച്ച് ബാക്കി തുക ഈടാക്കുന്നതിനുള്ള നടപടികളുമായി ലൈസൻസി മുന്നോട്ടു പോകുകയും **Revenue recovery** അറിയിപ്പ് പരാതിക്കാരിയ്ക്ക് ലഭിക്കുകയും ചെയ്തു. അതുപ്രകാരം **CGRF** ൽ പരാതി നൽകുകയും **CGRF** അതിന്റെ ഉത്തരവ് 28/01/2025 ൽ പുറപ്പെടുവിക്കുകയും ചെയ്തു. ആ ഉത്തരവിന്റെ അപ്പീൽ ആയിട്ടാണ് ഈ പരാതി സമർപ്പിച്ചിട്ടുള്ളത്.

## പരാതിക്കാരിയുടെ വാദം

എന്റെ പിതാവ് വാസുദേവന്റെ പേരിൽ ശാസ്താംകോട്ട ഇലക്ട്രിക്കൽ സെക്ഷനിൽ നിന്ന് **consumer no 1145730009124** ആയി കണക്ഷൻ എടുത്തിട്ടുള്ളതാണ്. മാതാപിതാക്കൾ 12 വർഷങ്ങൾക്ക് മുൻപ് മരണപ്പെട്ടു പോയതാണ്. അതിനു ശേഷം 8 1/2 വർഷമായി ഞാൻ കുടുംബമായി താമസിച്ചു വരികയായിരുന്നു. 2020 അഗസ്റ്റിലെ പ്രകൃതിക്ഷോഭം മൂലം വീട് താമസയോഗ്യമല്ലാതെയായി തീർന്നു. കൂടാതെ കല്ലടയാറ്റിൽ വേലിയേറ്റവും വേലിയിറക്കവും ഉണ്ടാകുമ്പോൾ വെള്ളം കയറി ഇറങ്ങി പോകുന്നതുമാണ്. ആയതിനാൽ ഞാൻ മറ്റൊരു വീട്ടിൽ വാടകയ്ക്ക് താമസിച്ചു കൊണ്ടിരിക്കുകയായിരുന്നു.

2020 ആഗസ്റ്റ് മാസത്തിനു ശേഷം ഒരു യൂണിറ്റ് വൈദ്യുതി പോലും ഞാൻ എന്റെ അച്ഛന്റെ പേരിലുള്ള കണക്ഷനിൽ നിന്ന് എടുത്തിട്ടില്ല. എനിക്ക് ബില്ലുകൾ വന്നു കൊണ്ടിരുന്നു. എന്റെ അറിവില്ലായ്മകൊണ്ട് വരുന്ന ബില്ലുകൾ അടച്ചുകൊണ്ടിരുന്നു. 2020 ഡിസംബർ മാസത്തിൽ 13000 രൂപയുടെ ഒരു **bill** വരികയും 1/2021 ലും 02/2021 ലും 03/2021 ലുമായി ഞാൻ 3600 രൂപയുടെ ബാക്കി തവണകളായി അടച്ചുതീർത്തിട്ടുള്ളതുമാണ്.

എന്റെ ഭർത്താവ് ബന്ധം വേർപിരിഞ്ഞ് പോയി. എന്റെ മക്കൾ വിവാഹം കഴിഞ്ഞ് വേറെ താമസിച്ച് വരികയാണ്. എനിക്ക് സ്ഥിരമായി ഒരു വരുമാനം ഇല്ലാത്തവളാണ്. 03/2021 നു ശേഷമുള്ള തുകകൾ എനിക്ക് അടയ്ക്കാൻ സാധിച്ചിട്ടില്ല. 17/04/2024 ൽ 29984/- രൂപയുടെ ഒരു ജപ്തി നോട്ടീസ് പടിഞ്ഞാറേ കൊല്ലം വില്ലേജ് ഓഫീസിൽ നിന്ന് പതിക്കുകയുണ്ടായി. ഇത് പിന്നീട് അറിയുകയും വില്ലേജ് ഓഫീസിൽ നിന്നും കോപ്പി കൈപ്പറ്റുകയും ചെയ്തിട്ടുള്ളതാണ്.

എനിക്ക് ഈ ജപ്തി നോട്ടീസിൽ കാണിച്ചിരിക്കുന്ന തുക (29984 രൂപ) അടയ്ക്കാൻ യാതൊരു നിവർത്തിയില്ലാത്തതാണ്. കഴിഞ്ഞ 3 1/2 വർഷമായി

ഞാൻ ഒരു പുനർവിവാഹം കഴിച്ച് മറ്റൊരു വീട്ടിൽ താമസിച്ചു വരികയാണ്. ആയതിനാൽ എന്റെ പരാതിയിൽ പറഞ്ഞിരിക്കുന്ന വസ്തുതകളുടെ നിജസ്ഥിതി ബോധ്യപ്പെട്ട് എന്റെ വൈദ്യുതി കുടിശ്ശികയുടെ ജപ്തി നടപടിയും കുടിശ്ശികയും ഒഴിവാക്കി തരണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

## എതിർകക്ഷിയുടെ വാദം

The consumer number of the complainant was 1145730009124 in the name of Mr. Vasudevan. The party had not remitted regular current charges from 19-02-2021. Regular disconnection and dismantling procedures were held up at that time due to relaxation of payment terms during COVID 19 affected period. Subsequent to that KSEBL had allowed several occasions to clear the COVID arrears of the consumers. But no response was obtained in this case. Due to this KSEBL had finally dismantled the service on 26-09-2022. The total arrears at that time was Rs. 24160/- after adjusting security deposit of RS. 714/-. Revenue recovery procedures were initiated in this case after observing legal formalities.

The petitioner had approached CGRF southern region in this regard (op no:64/2024) but the honourable forum had upheld the decision of KSEBL in the judgement dated 28/01/2025 the forum stated that the licensee upheld all procedures and formalities as per the aforesaid regulation. The decision taken by the licensee is sustainable. The revenue recovery action taken by the licensee is sustainable.  In view of these facts it can be concluded that the petitioner is now approaching this forum to avoid revenue recovery actions against the property of the late Mr. Vasudevan. Hence this petition may kindly be dismissed.  Order of CGRF south dated 28/01/2025 in OP no:64/2024 and detailed statement of arrears and consumer profile from OrumaNET is also enclosed here with.  In the light of above facts and circumstances the honourable forum may admit the bill and direct the consumer to pay the amount.

## പരാതിക്കാരിയുടെ എതിർവാദം

**2020** ആഗസ്റ്റ് മാസത്തെ പ്രകൃതിക്ഷോഭത്തിന് ശേഷം വീട് താമസയോഗ്യമല്ലാതായതിനാൽ ഞാൻ മറ്റൊരു വീട്ടിൽ വാടകയ്ക്ക് താമസിച്ചു വരികയായിരുന്നു. എന്റെ പിതാവായ ശ്രീ.വാസുദേവന്റെ പേരിൽ സ്ഥാപിച്ചിരിക്കുന്ന മീറ്ററിൽ നിന്നും ഒരു യൂണിറ്റ് വൈദ്യുതിയും താമസം മാറിയതിനു ശേഷം ഉപയോഗിച്ചിട്ടില്ല. വൈദ്യുത മീറ്ററിന്റെ തകരാറു മൂലം ആയിരിക്കും എനിയ്ക്ക് ഞാൻ ഉപയോഗിക്കാത്ത വൈദ്യുതിയ്ക്ക് അമിതമായ **bill** കിട്ടികൊണ്ടിരുന്നത്. റീഡിംഗ് എടുത്തിട്ടുള്ള ഉദ്യോഗസ്ഥർ ആരും

തന്നെ എന്നെ ബോധ്യപ്പെടുത്തിയില്ല ഈ മീറ്റർ വൈദ്യുതി ഉപയോഗിക്കാതെ **read** ചെയ്തുകൊണ്ടിരിക്കുന്ന വിവരം. ഉപയോഗം ഉണ്ടോ ഇല്ലയോ എന്ന് നോക്കാതെ ബില്ല് എഴുതി വയ്ക്കുകയായിരുന്നു. എനിക്ക് അറിയാമായിരുന്നെങ്കിൽ പരാതി നൽകി മീറ്റർ പരിശോധിച്ച് എനിക്ക് വന്ന അമിത **bill** ഒഴിവാക്കിക്കുമായിരുന്നു.

**03/2021** വരെയുള്ള തുക ഞാൻ തവണകൾ വാങ്ങിയും അല്ലാതെയും അടച്ചിട്ടുള്ളതാണ്. അതിനുശേഷം **6000** രൂപയുടെ ഒരു **bill** വാങ്ങിയിട്ടുണ്ടെന്ന് എന്റെ സഹോദരൻ അറിയിച്ചതാണ്. ഞാൻ ആ **bill** കണ്ടിട്ടില്ല. തുടർന്ന് ഞാൻ വൈദ്യുതി ഉപയോഗിക്കാതായതിനാൽ എനിക്ക് കുടിശ്ശിക ഉണ്ടായതായി യാതൊരു അറിവും ഇല്ലായിരുന്നു. യാതൊരു അറിയിപ്പും ഇല്ലാതെയാണ് ശാസ്താംകോട്ട ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ നിന്ന് എന്റെ കണക്ഷൻ വിച്ഛേദിക്കുകയും **dismantle** ചെയുകയും ചെയ്തിട്ടുള്ളത്.

**17/04/2024** ൽ **29984** രൂപയുടെ ഒരു ജപ്തി നോട്ടീസ് പതിക്കുകയുണ്ടായി. ഇത് പിന്നീട് പടിഞ്ഞാറേ കൊല്ലം വില്ലേജ് ഓഫീസിൽ നിന്ന് അറിയിക്കുകയും ഞാൻ അത് കൈപ്പറ്റുകയും ചെയ്തിട്ടുള്ളതാണ്. എന്റെ വീടിന്റെ ശരാശരി ഉപയോഗം **bill history** പരിശോധിച്ചാൽ അറിയാവുന്നതാണ്.

എന്റെ വീട്ടിൽ സ്ഥാപിച്ചിരുന്ന മീറ്ററിന്റെ പ്രവർത്തന തകരാറു കാരണമാണ് എനിക്ക് ഈ ബില്ലുകൾ വന്നു കൊണ്ടിരിക്കുന്നത് എന്ന് ഇപ്പോഴാണ് ബോധ്യപ്പെട്ടത്. അല്ലാതെ ഈ വലിയ തുക വരാൻ ഒരു സാധ്യതയും ഇല്ലാത്തതാണ്. ആയതിനാൽ എന്റെ പരാതിയുടെ നിജസ്ഥിതി ബോധ്യപ്പെട്ടു എന്റെ വൈദ്യുതി കുടിശ്ശികയും ജപ്തി നടപടിയും ഒഴിവാക്കി തരണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

## വിശകലനവും കണ്ടെത്തലുകളും

അപ്പീൽ പരാതിയുടെ വാദം **08/05/2025**-ന് രാവിലെ **10.30**-ന് കെ.എസ്.ഇ.ബി. ഐ.ബി പരുത്തിപ്പാറ, തിരുവനന്തപുരത്തു വെച്ച് നടന്നു. പരാതിക്കാരിയായ ശ്രീമതി. അമ്പിളി, ശ്രീ.മോഹൻകുമാർ.പി എതിർകക്ഷി ശ്രീ.ജയചന്ദ്രൻ.ആർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, ശാസ്താംകോട്ട, കൊല്ലം ജില്ല എന്നിവരാണ് ഹിയറിംഗിൽ പങ്കെടുത്തത്.

തന്റെ പിതാവിന്റെ പേരിലുള്ളതും എന്നാൽ ഇപ്പോൾ തനിക്കവകാശപ്പെട്ടതുമായ പഴയ കെട്ടിടത്തിലുണ്ടായിരുന്ന ഒരു സർവീസ് കണക്ഷനെക്കുറിച്ചുള്ള പരാതിയാണ് ശ്രീമതി. അമ്പിളി നൽകിയിട്ടുള്ളത്. 2020 ൽ പ്രകൃതിക്ഷോഭത്തിൽ വീട്ടിലും പുരയിടത്തിലും വെള്ളം കയറുകയും വീടിന്റെ പല ഭാഗവും ഇടിഞ്ഞു വീഴുകയും ചെയ്തതിനാൽ ആ വീട് വാസയോഗ്യമല്ലാതായി തീർന്നു. അച്ഛനമ്മമാരുടെ മരണ ശേഷം പരാതിക്കാരി ഈ വീട്ടിൽ താമസിച്ചു വരികയായിരുന്നു. എന്നാൽ വീടിന് കേടുപാടുകൾ സംഭവിച്ചതിനാൽ താമസം അവിടെ നിന്നും മാറി വേറൊരിടത്തായി എന്നാണ് പരാതിക്കാരി ബോധിപ്പിക്കുന്നത്. ക്രമേണ ആ വീട് പൊളിഞ്ഞു വീഴുകയും വൈദ്യുത കണക്ഷൻ സാമഗ്രികൾ വീടിനോട് ചേർന്നുണ്ടായിരുന്ന ഷെഡിലേയ്ക്ക് മാറ്റുകയും ചെയ്തു. വീട് ഇടിഞ്ഞു വീണിട്ടും, അതിലേയ്ക്കുള്ള കണക്ഷൻ വിച്ഛേദിക്കുന്നതിനുള്ള നടപടികൾ ഒന്നും തന്നെ പരാതിക്കാരി കൈക്കൊണ്ടില്ല. 03/2021 വരെയുള്ള വൈദ്യുത ചാർജ് അടച്ചിരുന്നു. അതിനുശേഷം വൈദ്യുത ചാർജ് അടച്ചിട്ടില്ല. വൈദ്യുതി ഉപയോഗിക്കാത്തതിനാൽ വൈദ്യുത ബില്ല് വന്നിട്ടില്ല എന്ന വിശ്വാസത്തിലിരുന്നു. അതിനാൽ തന്നെ കുടിശ്ശികയുള്ളതായി അറിഞ്ഞിരുന്നില്ല. പരാതിക്കാരി BPL വിഭാഗത്തിൽ വരുന്ന വ്യക്തിയാണ്. **Oruma net** പ്രകാരമുള്ള **collection history** പരിശോധിക്കുമ്പോൾ അവസാന അടവ് നടത്തിയിരിക്കുന്നത് 20/03/2021 ലാണ്. പരാതിക്കാരിയും അത് സമ്മതിച്ചിട്ടുണ്ട്. 03/2021 മുതൽ വൈദ്യുത കുടിശ്ശിക വരുത്തിയിട്ട് ലൈസൻസി എന്താണ് കണക്ഷൻ വിച്ഛേദിക്കാതിരുന്നത്. ലൈസൻസി സ്ഥാപിക്കുന്നത് ആ സമയങ്ങളിൽ Covid 19 പടർന്ന് പിടിച്ചിരുന്നതിനാൽ വൈദ്യുത ചാർജ് കുടിശ്ശിക വരുത്തിയ കണക്ഷനുകൾ ഉടൻ വിച്ഛേദിക്കേണ്ടതില്ല എന്ന നിർദ്ദേശം ഉണ്ടായിരുന്നതിനാലാണ് വിച്ഛേദിക്കാതിരുന്നത് എന്നാണ്.

**Kerala Electricity Supply Code 2014** ലെ **regulation 138** ൽ കണക്ഷൻ വിച്ഛേദിക്കുന്നതിനെക്കുറിച്ച് വിവരിക്കുന്നു.

***138. Grounds for disconnection**.- **(1)** The licensee shall not disconnect the supply of electricity to any consumer except on any one or more of the following grounds:- (a) if the consumer defaults in payment of the dues payable to the licensee as per the bill or demand notice or any order issued by a competent authority, within the period stipulated therein;*

അതുപോലെ 139 ൽ വിച്ഛേദിക്കുന്നതിനുള്ള നടപടിക്രമങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നു.

***139. Procedure for disconnection.-***

***(1)*** *The licensee shall, in the case of disconnection proposed on the grounds mentioned in clauses (a) and (b) of sub regulation (1) of regulation 138 above, issue a disconnection notice in writing, as per Section 56 of the Act, with a notice period of not less than fifteen clear days, intimating the consumer about the grounds for disconnection and directing him to pay the dues with penal charges within the notice period.*

***(2)*** *If the consumer fails to remit the dues within such notice period, the licensee may disconnect the service of the consumer on the expiry of the said notice period, by cutting off the supply in the manner as the licensee may deem fit:*

*Provided that the licensee shall not disconnect the supply to a consumer under this sub regulation, if the consumer deposits under protest, an amount equal to the sum claimed from him or equal to the electricity charges due from him for each month, calculated on the basis of the average charge for electricity paid by him during the preceding six months whichever is less, pending disposal of any dispute between him and the licensee:*

*Provided further that the supply shall not be disconnected after 1:00 PM on any day or on holidays so that the consumer is not deprived of a chance to remit the dues on the same day and get reconnection.*

ഇവിടെ **03/2021** നു ശേഷം കറന്റ് ചാർജ് അടച്ചിട്ടില്ലാത്തതിനാൽ ഈ ചട്ടങ്ങൾ പ്രകാരം **04/2021** ൽ കണക്ഷൻ വിച്ഛേദിക്കേണ്ടതായിരുന്നു. ലൈസൻസിയുടെ സൗകര്യപ്രദമാണ് വിച്ഛേദനം വൈകിപ്പിച്ചത്. അങ്ങനെ കണക്ഷൻ വിച്ഛേദിക്കാത്തതിനാൽ പിന്നീടുള്ള മാസങ്ങളിലും മീറ്ററിൽ അമിത ഉപഭോഗം രേഖപ്പെടുത്തി. വീട് ഇടിഞ്ഞുവീണതിനാൽ അതിലുണ്ടായിരുന്ന വയറിംഗിലെ **live wire** ഭൂമിയിൽ സ്പർശിച്ചത് മൂലമായുണ്ടായ **earthing** ൽ കൂടെ ആയിരിക്കാം അമിത വൈദ്യുത പ്രവാഹം ഉണ്ടായതും, അങ്ങനെ അമിത ഉപഭോഗം രേഖപെടുത്തിയതും. യഥാസമയം കണക്ഷൻ വിച്ഛേദിച്ചിരുന്നെങ്കിൽ പരാതിക്കാരിയ്ക്ക് ഇത്രയും ഭീമമായ തുക ബില്ലായി വരില്ലായിരുന്നു. എന്നാലും പകർച്ച വ്യാധിക്കെതിരെയുള്ള ഒരു മുൻകരുതൽ നിമിത്തമാണ് **disconnection** വൈകിയത്. അങ്ങനെ **26/09/2022** ൽ ആണ് വൈദ്യുതി വിച്ഛേദിച്ചിട്ടുള്ളത്.

ഉപഭോഗം ഇല്ല എന്ന് പരാതിക്കാരി പറയുമ്പോഴും പലമാസങ്ങളിലും ബില്ല് തുക **500** രൂപയ്ക്കും **600** രൂപയ്ക്കും ഇടയിൽ വരുന്നുണ്ടായിരുന്നു. എന്നാൽ **06/2021, 08/2021,10/2021,12/2021** എന്നീ മാസങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള ഉപഭോഗം വിശ്വാസയോഗ്യമല്ല. അതിനാൽ തന്നെ ഈ മാസങ്ങളിലെ ആകെ ബിൽ തുക ഏകദേശം **17,760/-** രൂപയാണ്**(Rs.2987 +2803+1999+5985+3986).** വിശ്വാസയോഗ്യമല്ലാത്തതിനാൽ ഈ ബില്ലുകൾ റദ്ദ് ചെയ്യേണ്ടിയിരിക്കുന്നു.

ലൈസൻസിയിൽ നിന്നും **disconnection** ന് കാലതാമസം നേരിട്ടതിനാൽ തന്നെ കുടിശികയ്ക്ക് പലിശ ഈടാക്കുന്നതും യുക്തമല്ല.

## തീരുമാനങ്ങൾ

സമർപ്പിച്ച രേഖകൾ പരിശോധിക്കുകയും,പരാതിക്കാരന്റെയും എതിർകക്ഷി യുടെയും വാദം കേൾക്കുകയും ചെയ്ത ശേഷം, മുകളിൽ സൂചിപ്പിച്ച വിശക ലനത്തിൽ എത്തുകയും ഇനിപ്പറയുന്ന തീരുമാനം എടുക്കുകയും ചെയ്യുന്നു.

1. **06/2021, 08/2021, 10/2021,12/2021** എന്നീ മാസങ്ങളിലെ **meter reading** വിശ്വാസയോഗ്യമല്ലാത്തതിനാൽ ഈ മാസങ്ങളിലെ ബിൽ റദ്ദ് ചെയ്യുന്നു.
2. കുടിശ്ശിക തുകയ്ക്ക് പലിശ ഈടാക്കേണ്ടതില്ല.
3. തീരുമാനം **(1) & (2)** പ്രകാരം ലൈസൻസി കുടിശ്ശികയ്ക്കുള്ള ബിൽ പുതുക്കി നൽകേണ്ടതാണ്.
4. അങ്ങനെ പുതുക്കിയ ബിൽ തുക അടയ്ക്കാൻ പരാതിക്കാരി ബാധ്യസ്ഥയാണ്.
5. ഈ തുക **5** ഗഡുക്കളായി അടയ്ക്കാൻ അനുവദിക്കേണ്ടതാണ്.
6. മറ്റു ചെലവുകൾ ഒന്നും അംഗീകരിച്ചിട്ടില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

P/016/2025/ തീയതി: 15-05-2025

**അയക്കുന്നത്:**

1. ശ്രീമതി. അമ്പിളി വാസുദേവൻ, വടക്കേമറ്റൽ, വെസ്റ്റ് കല്ലട, കൈരളി ജം. പി.ഒ, കോതപ്പുറം, കൊല്ലം - 690521

2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ്, ശാസ്താംകോട്ട, കൊല്ലം (ജില്ല).

**പകർപ്പ് സമർപ്പിക്കുന്നത്:**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, KPFC ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -10.
2. സെക്രട്ടറി, കെ.എസ്.ഇ.ബി. ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം-4.
3. ചെയർപേഴ്സൺ, കൺസ്യൂമർ ഗ്രിവൻസ് റിഡ്രെസൽ ഫോറം, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, കൊട്ടാരക്കര - 691506